പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 5</u> <u>11.06.2012 ൽ മറുപടിക്ക്</u>

<u>വിദേശികൾക്ക് ഹോംസ്റ്റേ-വ്യവസ്ഥകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. രാജു:<br>,, മുല്ലക്കര രത്നാകരൻ:<br>,, വി. ശശി:<br>,, ഇ. കെ. വിജയൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് താമസിക്കാനെത്തുന്ന വിദേശികൾക്ക് താമസ സൗകര്യം നൽകുന്നവർ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; നിലവിൽ പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ; | (എ) വിദേശികൾക്ക് താമസസൗകര്യമൊരുക്കുന്നവർ The Registration of Foreigners Rules 1992 ലെ വ്യവസ്ഥകൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. കേന്ദ്രനിയമമായ ഇതിലെ വ്യവസ്ഥകൾ അനുസരിച്ച് വിദേശികൾക്ക് താമസസൗകര്യമൊരുക്കുന്നവർ വിദേശികളെ സംബന്ധിച്ച വിശദാംശങ്ങൾ (പാസ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ, സന്ദർശന വിവരങ്ങൾ തുടങ്ങിയവ) നിശ്ചിത പ്രഫോർമയിൽ (ഫോറം-സി) രേഖപ്പെടുത്തി 24 മണിക്കൂറിനകം അതതു ഫോറിനേഴ്സ് രജിസ്ട്രേഷൻ ആപ്പീസർമാർക്ക് കൈമാറേണ്ടതാണ്. കൂടാതെ വിദേശികളെ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതും (ഫോറം-എഫ്) സീനിയർ സിവിൽ പോലീസ് ഓഫീസർ റാങ്കിൽ താഴെയല്ലാത്ത പോലീസുദ്യോഗസ്ഥർ, ഫോറിനേഴ്സ് രജിസ്ട്രേഷൻ ആഫീസർ, മജിസ്ട്രേറ്റ് എന്നിവർ ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. |
| (ബി) വിദേശികൾക്ക് ഹോം സ്റ്റേ സമ്പ്രദായം ഏർപ്പെടുത്തുന്നത് വ്യാപകമായിരിക്കെ പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെടാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് | (ബി) വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സന്ദർഭങ്ങളിൽ |

സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

കുറ്റക്കാർക്കെതിരെ നിയമനടപടികൾ കൈക്കൊണ്ടിട്ടുമുണ്ട്.

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രസ്തുത വ്യവസ്ഥകൾ പാലിക്കാത്ത എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

(സി) ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതിരുന്ന ഇടുക്കി ജില്ലയിലെ മൗണ്ട് വ്യു ഹോം സ്റ്റേ എന്ന സ്ഥാപന നടത്തിപ്പുകാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി അതിർത്തിക്കുള്ളിൽ വിവിധ വ്യക്തികൾക്കെതിരായി 5 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചാർജ്ജുഷീറ്റുകൾ കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ